ഈ ലോകത്തിൻെറയും, അതിലുള്ള മുഴുവൻ പ്രതിഭാസങ്ങളുടെയും സൃഷ്ടാവ് പടച്ച തമ്പുരാനാണ്. മനുഷ്യരെ സംബന്ധിച്ചിടത്തോളം വളരെ ഉപകാരപ്രദമായ ഒരു പ്ര തിഭാസമാണ് രാവും പകലും എന്നുള്ളത്. തങ്ങൾക്ക് അല്ലാഹു നിർണ്ണയിച്ചിട്ടുള്ള ഉപജീവനം കണ്ടെത്തുവാൻ ഉപയുക്തമായ രൂപത്തിലുള്ള പകലും, ക്ഷീണം മാറ്റുവാൻ ശാന്ത സുന്ദരമായ രാത്രിയും നൽകിയതിൽ ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ടെന്നാണ് ഖുർആൻ പറയുന്നത്.

(إن في خلق السمواتِ والأرض واختلافِ الليل والنهار لآياتٍ لأولي الألبابِ)

'തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും, രാപകലുകൾ മാറി മാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്' (ആലു ഇംറാൻ:190).

അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ദിവസങ്ങൾ അടങ്ങിയതാണ് മാസം. അല്ലാഹുവിൻെറ അടുത്ത് മാസങ്ങൾ പന്ത്രണ്ടാണെന്ന് വിശുദ്ധഖുർആൻ പറയുന്നു:

(إن عِدةَ الشهور عِند اللهِ اثنا عشر شهرا في كِتابِ اللهِ يوم خلق السمواتِ والأرض مِنها أربعةٌ حرم ذَلِك الدين القَيم فلا تظلموا فِيهن أنفسكم وقَاتِلوا المشركِين كافةً كما يقَاتِلونكم كافةً واعلموا أن الله مع المتقِين) (التوبة: 36)

'ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചദിവസം അല്ലാഹു രേഖപ്പെടുത്തിയതനുസരിച്ച് അല്ലാഹുവിന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം (യുദ്ധം) വിലക്കപ്പെട്ടമാസങ്ങളാകുന്നു. അതാണ് വക്രതയില്ലാത്ത മതം. അ തിനാൽ ആ(നാല്) മാസങ്ങളിൽ നിങ്ങൾ നിങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കരുത്. ബഹുദൈവവിശ്വാസികൾ നിങ്ങളോട് ആകമാനം യുദ്ധം ചെയ്യുന്നത് പോലെ നിങ്ങൾ അവരോടും ആകമാനം യുദ്ധം ചെയ്യുക. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരുടെ കൂടെയാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക' (തൗബ:36).

അല്ലാഹു ചില മാസങ്ങൾക്കും, ദിവസങ്ങൾക്കും, സമയത്തിനും പ്രത്യേകത നൽകയിട്ടുണ്ട്. നാം മുകളിൽ കൊടുത്തിരിക്കുന്ന ആയത്തിൽ നാല് മാസത്തിന് പ്രത്യേകതയുണ്ടെന്ന് നമുക്ക് മനസിലാക്കാം. അതുപോലെ റമളാൻ മാസത്തിന് പ്രത്യേകതയുണ്ടെന്ന് സൂറത്തുൽ അൽബഖറയിൽ വിശദീകരിക്കുന്നുണ്ട്. അല്ലാഹുവോ, പ്രവാചകനോ ശ്രേഷ്ടതയുണ്ടെന്ന് പറഞ്ഞിട്ടുള്ള മാസങ്ങൾക്കും, ദിവസങ്ങൾക്കും സമയങ്ങൾക്കും പ്രത്യേകതയുണ്ട് ശ്രേഷ്ടതയുണ്ട്. അതിൽ ഇസ്ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്ന ആരാധനകൾ മാത്രം നാം ചെയ്യുക. അതിൽപെട്ട ഒരു കാര്യമാണ് നാം വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നത്. അല്ലാഹു പവിത്രമാണെന്ന് വിശുദ്ധഖുർആനിലൂടെ പറഞ്ഞ മാസങ്ങളിൽ ഒരു മാസമായ മുഹർറം മാസത്തിലെ ചില ദിവസങ്ങളുടെ ശ്രേഷ്ടതകളെ സംബന്ധിച്ചാണ് ചില കാര്യങ്ങൾ വിശദീകരിക്കുന്നത്.

**ജാഹിലിയ്യത്തിൽ:**

ഇസ്ലാമിന് മുമ്പ് ജാഹിലിയ്യത്തിൽ പോലും ഖുറൈശികൾ മുഹർറം മാസത്തിൽ ചില ദിവസങ്ങളിൽ നോമ്പനുഷ്ടിച്ചിരുന്നു. റമളാൻ നോമ്പ് നിർബ്ബന്ധമാക്കുന്നതിന് മുമ്പ് ആശൂറാഇൻെറ നോമ്പ് അനുഷ്ടിക്കുവാനായി പ്രവാചകൻ(സ) ജനങ്ങളോട് കൽപിച്ചിരുന്നു. റമളാൻ നിർബ്ബന്ധമാക്കപ്പെട്ടതിന് ശേഷം അത് സുന്നത്താക്കുകയാണ് ചെയ്തത്. ഒരു ഹദീസ് ശ്രദ്ധിക്കുക:

(عن عائِشةَ رضِي الله عنها قالت: كانَ يوم عاشوراءَ تصومه قُريش في الجاهِلِية وكانَ رسولُ اللهِ صلى الله عليه وسلم يصومه، فلما قَدِم المدِينةَ صامه وأمر بِصِيامِهِ فلما فُرِض رمضانُ ترك يوم عاشوراءَ فمن شاءَ صامه ومن شاءَ تركه) (بخاري)

ആയിശാ(റ) പറയുന്നു: ഖുറൈശികൾ ജാഹിലിയ്യത്തിൽ ആശൂറാഅ്(മുഹർറം പത്ത്)ൻെറ നോമ്പ് അനുഷ്ടിച്ചിരുന്നു. പ്രവാചകൻ(സ)യും അനുഷ്ടിച്ചിരുന്നു. മദീനയിലേക്ക് വന്നപ്പോൾ പ്രവാചകൻ(സ) അത് അനുഷ്ടിക്കുകയും, ജങ്ങളോട് അനുഷ്ടിക്കുവാൻ കൽപിക്കുകയും ചെയ്തിരുന്നു. അങ്ങിനെ റമളാൻ നിർബ്ബന്ധമാക്കിയപ്പോൾ ആശൂറാഅഇൻെറ നോമ്പ് ഉപേക്ഷിക്കുകയുണ്ടായി. ഉദ്ദേശിക്കുന്നവർ നോമ്പനുഷ്ടിക്കുകയും, നോമ്പനുഷ്ടിക്കുവാൻ ഉദ്ദേശിക്കാത്തവർ അത് ഒഴിവാക്കുകയും ചെയ്തു" (ബുഖാരി).

**മുഹർറം പത്ത്:**

മുഹർറം മാസത്തെ അല്ലാഹു പവിത്രമാക്കിയിരിക്കുന്നു, അതിൽ തന്നെ പത്താം ദിവസത്തെ പ്രത്യേകം ശ്രേഷ്ടതയുള്ളതായി പ്രഖ്യാപിച്ചിരിക്കുന്നു. കാരണം ആ ദിവസത്തിലാണ് അല്ലാഹു മൂസാനബി(അ)യെ ഫിർഔനിൽ നിന്നും രക്ഷപ്പെടുത്തിയിരിക്കുന്നത്. ഒരു ഹദീസ് ശ്രദ്ധിക്കുക:

( عن ابن عباسٍ رضِي الله عنهما قالَ: قَدِم النبِي صلى الله عليه وسلم المدِينةَ فرأى اليهود تصوم يوم عاشوراءَ، فقَالَ: ما هذَا قالُوا: هذَا يوم صالِح هذَا يوم نجى الله بنِي إسرائِيلَ مِن عدوهِم فصامه موسى، قَالَ: فأنا أحق بِموسى مِنكم فصامه وأمر بِصِيامِهِ ) (بخاري)

ഇബ്നു അബ്ബാസ്(റ)വിൽ നിന്ന് നിവേദനം: "പ്രവാചകൻ(സ) മദീനയിലേക്ക് വന്നു, ആ സന്ദർഭത്തിൽ ജൂതന്മാർ ആശൂറാഅ് (മുഹർറം പത്ത്)ന് നോമ്പനുഷ്ടിക്കുന്നതായി കണ്ടു, അപ്പോൾ തിരുമേനി(സ) ചോദിച്ചു, ഇതെന്താണ്? (നിങ്ങൾ എന്ത്കൊണ്ടാണ് നോമ്പനുഷ്ടിക്കുന്നത്) അവർ പ്രത്യുത്തരം നൽകി: ഇത് നല്ല ഒരു ദിനമാണ്, ഈ ദിവസമാണ് ബനൂഇസ്രായീല്യരെ അവരുടെ ശത്രുക്കളിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തിയത്. അത്കൊണ്ട് ഈ ദിവസം മൂസാ(അ) നോമ്പനുഷ്ടിക്കുകയുണ്ടായി. അപ്പോൾ തിരുമേനി(സ) പറഞ്ഞു: "മൂസായോട് നിങ്ങളേക്കാൾ കൂടുതൽ അർഹതയുള്ളവർ ഞാനാണ്, അങ്ങിനെ ആ ദിവസം തിരുമേനി(സ) നോമ്പനുഷ്ടിച്ചു, ആ ദിവസം നോമ്പനുഷ്ടിക്കുവാൻ കൽപിക്കുകയുമുണ്ടായി" (ബുഖാരി).

**ശ്രേഷ്ഠത:**

മുഹർറം പത്തിൽ നോമ്പനുഷ്ടിക്കുന്നതിൻെറ പ്രത്യേകത നമുക്ക് സ്വഹീഹായ ഹദീസുകളിൽ കാണുവാൻ സാധിക്കും.

(عن أبِي هريرةَ رضِي الله عنه قالَ: قالَ رسولُ اللهِ صلى الله عليه وسلم: أفْضلُ الصيامِ بعد رمضانَ شهر اللهِ المحرم وأفْضلُ الصلاةِ بعد الفَرِيضةِ صلاةُ الليل )

അബൂഹുറൈറ(റ)വിൽ നിന്ന്: പ്രവാചകൻ(സ) പറയുകയുണ്ടായി: "റമളാൻ നോമ്പിന് ശേഷം ഏറ്റവും ശ്രേഷ്ടമായ നോമ്പ് അല്ലാഹുവിൻെറ മാസമായ മുഹർറം മാസത്തിലെ നോമ്പാണ്, നിർബ്ബന്ധ നമസ്കാരത്തിന് ശേഷം ഏറ്റവും ശ്രേഷ്ടതയുള്ള നമസ്കാരം രാത്രിയിലുള്ള നമസ്കാരമാണ്" (മുസ്ലിം).

( عن ابن عباسٍ رضِي الله عنهما قالَ: ما رأيت النبِي صلى الله عليه وسلم يتحرى صِيام يومٍ فَضله على غَيرِهِ إلا هذَا اليوم يوم عاشوراءَ وهذَا الشهر يعنِي شهر رمضانَ ) (بخاري)

ഇബ്നുഅബ്ബാസ്(റ) പറയുന്നു: "ആശൂറാഅ് നോമ്പനുഷ്ടിക്കുവാൻ വേണ്ടി ഉദ്ദേശിക്കുകയും, പ്രതീക്ഷിച്ചിരിക്കുകയും ചെയ്യുന്നത്പോലെ മറ്റൊരു ശ്രേഷ്ടപ്പെട്ട ദിവസത്തെയും പ്രവാചകൻ(സ) പ്രതീക്ഷിക്കുന്നതായി ഞാൻ കണ്ടില്ല, അതുപോലെ റമളാൻ മാസത്തെയും" (ബുഖാരി).

**പ്രതിഫലം:**

മുഹർറം പത്തിലുള്ള വ്രതത്തിന് പ്രത്യേകം പുണ്യവും, പ്രതിഫലവുമുണ്ടെന്ന് പ്രവാചകൻ(സ)പഠിപ്പിക്കുന്നത് നാം ശ്രദ്ധിക്കുക:

(... قالَ رسولُ اللهِ صلى الله عليه وسلم : صِيام يومِ عرفَةَ أحتسِب على اللهِ أنْ يكفر السنةَ التِي قَبله والسنةَ التِي بعده وصِيام يومِ عاشوراءَ أحتسِب على اللهِ أنْ يكفر السنةَ التِي قَبله ) (مسلم)

പ്രവാചകൻ(സ) പറയുന്നു: "... അറഫാദിനത്തിലുള്ള നോമ്പിന് അതിന് മുമ്പുള്ള ഒരു വർഷത്തെയും, അതിന്ശേഷമുള്ള ഒരു വർഷത്തെയും പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്, ആശൂറാഅ് നോമ്പിന് അതിന് മുമ്പുള്ള ഒരു വർഷത്തെ പാപങ്ങൾ പൊറുക്കപ്പെടുവാനുള്ള പ്രതിഫലം ഞാൻ അല്ലാഹുവിൽ നിന്ന് പ്രതീക്ഷിക്കുന്നു" (മുസ്ലിം) ആയതിനാൽ നാം മുഹർറം പത്തിന് നോമ്പനുഷ്ടിക്കുകയും, അത് മറ്റുള്ളവരോട് ഉപദേശിക്കുകയും ചെയ്യുക. ഒരു വർഷത്തെ പാപം അല്ലാഹു നമുക്ക് പൊറുത്ത് തരുന്നതാണ്. അങ്ങിനെ പാപം പൊറുക്കുന്നവരുടെ കൂട്ടത്തിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തുമാറാവട്ടെ.

**താസൂആഅ്:**

മുഹർറം ഒൻപതിനാണ് താസൂആഅ് എന്ന് പറയുന്നത്, ആ ദിവസവും നോമ്പനുഷ്ടിക്കുന്നത് സുന്നത്താണെന്ന് ഹദീസുകളിൽ നിന്ന് നമുക്ക് ഗ്രഹിക്കുവാൻ സാധിക്കും. ഒരു ഹദീസ് ശ്രദ്ധിക്കുക:

( عبد اللهِ بن عباسٍ رضِي الله عنهما يقُولُ: حِين صام رسولُ اللهِ صلى اللــه عليِهِ وسلم يوم عاشوراءَ وأمر ِبصِيامِهِ، قَالُوا: يا رسولَ اللهِ إِنه يــوم تعظمــه الْيهود والنصارى فَقَالَ رسولُ اللهِ صلى الله عليِهِ وسلم: فَـإِذَا كَـانَ الْعــام الْمقْبِلُ إِنْ شاءَ الله صمنا الْيوم التاسِع، قَالَ فَلَم يأْتِ الْعام الْمقْبِلُ حتى تــوفي رسولُ اللهِ صلى الله عليِهِ وسلم) (مسلم)

അബ്ദുല്ലാ ഇബ്നു അബ്ബാസ്(റ) പറയുന്നു: പ്രവാചകൻ(സ) ആശൂറാഅ് ദിവസം നോമ്പനുഷ്ടിക്കുകയും, മറ്റുള്ളവരോട് അനുഷ്ടിക്കുവാൻ കൽപിക്കുകയും ചെയ്തപ്പോൾ അവർ (സ്വഹാബികൾ) പറയുകയുണ്ടായി: 'പ്രവാചകരെ, ഇന്നേ ദിവസത്തെ ജൂതക്രൈസ്തവർ മഹത്വപ്പെടുത്തുന്നുണ്ടല്ലോ? അപ്പോൾ റസൂലുല്ലാഹ്(സ) പറയുകയുണ്ടായി: "അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അടുത്ത വർഷം ഒൻപതാമത്തെ ദിവസവും (താസൂആഅ്) നാം നോമ്പനുഷ്ടിക്കുന്നതാണ്, ഇബ്നു അബ്ബാസ്(റ) പറഞ്ഞു: അടുത്ത വർഷം വന്നപ്പോഴേക്ക് തിരുമേനി (സ) വഫാതായിരുന്നു" (മുസ്‌ലിം) ഈ ഹദീസിൻെറ അടിസ്ഥാനത്തിൽ പണ്ഡിതന്മാർ പറയുന്നത് താസൂആഅ്നും നോമ്പനുഷ്ടിക്കൽ സുന്നത്താകുന്നു എന്നാണ്.

**ശ്രദ്ധിക്കുക:**

മുഹർറം മാസത്തിൻെറ പൊന്നമ്പിളി മാനത്ത് പ്രത്യക്ഷപ്പെട്ട് കഴിഞ്ഞാൽ നമ്മുടെ നാട്ടിൽ ചിലയാളുകൾ അതിനെ ശകുനമായി കാണാറുണ്ട്, പ്രത്യേകിച്ച് അതിലെ ആദ്യത്തെ പത്ത് ദിനങ്ങൾ. യാത്ര പുറപ്പെടുകയോ, വിവാഹം കഴിക്കുകയോ, മറ്റു നല്ല കാര്യങ്ങൾ ചെയ്യുകയോ ചെയ്യാറില്ല. കാരണം അത് നഹ്സിൻെറയും, ശകുനത്തിൻെറയും ദിനമായിട്ടാണ് നമ്മുടെ നാട്ടിലെ പുരോഹിതന്മാരും, അവരുടെ നേതൃത്വത്തിൽ ഇറങ്ങുന്ന കലണ്ടറുകളിലും പഠിപ്പിക്കുന്നത്. എന്നാൽ പ്രവാചകനോ, പ്രവാചകനെ മുഴുവൻ കാര്യങ്ങളിലും പിൻപറ്റിയ സചരിതരായ സ്വഹാബികളോ അങ്ങിനെ പഠിപ്പിച്ചതായി നമുക്ക് കാണാൻ സാധ്യമല്ല. നേരെ മറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പഠിപ്പിക്കുന്നത് പവിത്രമായ നാല് മാസങ്ങളിൽ ഒരു മാസമാണ് മുഹർറം എന്നതാണ്, അതുപോലെ ആ മാസത്തിൽ നിങ്ങൾ നോമ്പധികരിപ്പിക്കുക കാരണം പ്രത്യേകതയുള്ള മാസമാണ് മുഹർറം എന്നാണ് തിരുനബി(സ)യുടെ തിരുവചനങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. ഇസ്‌ലാമിൽ ഏതെങ്കിലും ദിവസങ്ങൾക്കോ മാസങ്ങൾക്കോ ശകുനമില്ല, നഹ്സില്ലായെന്നാണ് ഇസ്‌ലാമിക പ്രമാണങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. മുഹർറം മാസത്തിലെ നഹ്സ് ഉണ്ടാക്കിയത് ഇസ്‌ലാമിൽ നിന്ന് വ്യതിചലിച്ച്പോയ ശിയാക്കളാണ് എന്ന് നമുക്ക് ആധികാരികമായ ഗ്രന്ഥങ്ങളിൽ കാണാൻ സാധിക്കും. അപ്പോൾ ശകുനത്തിൻെറയും, നഹ്സിൻെറയും വിശ്വാസം ശിയാക്കളുടെ വിശ്വാസമാണ്, ശിയാക്കളുടെ ഒരുപാട് കാര്യങ്ങളിൽ നമ്മുടെ പൗരോഹിത്യം കടമെടത്ത കൂട്ടത്തിൽ ശകുനവും അവർ എടുക്കയാണ് ചെയ്തത്. പ്രവാചകൻ(സ) പറയുന്നത് നാം ശ്രദ്ധിക്കുക:

عن أبي هريرةَ يقُولُ: قَالَ رسولُ اللهِ صلى الله عليِهِ وسلم :لاَ عــدوى ولاَ طِيرةَ ولاَ هامةَ ... ) ( البخاري ، ومسلم)

അബൂഹുറൈറ്(റ)വിൽ നിന്ന്: പ്രവാചകൻ(സ) പറയുകയുണ്ടായി: "'അദ്വയും' (രോഗം വരുന്നത് അല്ലാഹുവിൻെറ ഖദ്റിൻെറ ഭാഗമല്ല, മറിച്ച് രോഗം തനിയെ വരുന്നതാണെന്ന വിശ്വാസവും), ശകുനം (പക്ഷികളെ പറപ്പിച്ച് കൊണ്ട് ഭാഗ്യപരീക്ഷണം നടത്തുന്നതും), മയ്യത്തിൻെറ എല്ലുകൾ പക്ഷികളായി രൂപപ്പെടുമെന്നുള്ള വിശ്വാസവും, . . . ഇസ്‌ലാമിൽ ഇല്ലാത്തതാണ്." (ബുഖാരി, മുസ്‌ലിം).

طيرة എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ശകുനത്തെയാണ്. ഏത് തരത്തിലുള്ള ശകുനവും ഇതിൽ പെടുന്നതാണ്. കറുത്ത പൂച്ച മുന്നിലൂടെ ഓടുന്നതും, പ്രഭാതത്തിൽ കാലി കൊട്ടയോ, ചാക്കോ കാണുന്നതും, ചീവീട് കരയുന്നതും, കൈനീട്ടം, രാവിലെ കടയിൽ വന്ന് ആരെങ്കിലും കടം വാങ്ങിയാൽ ആ ദിവസം മുഴുവനും കടം തന്നെയായിരിക്കുമെന്ന വിശ്വാസം, ഒരു യാത്രക്ക് ഒരുങ്ങുമ്പോൾ വഴിയിൽ വെച്ച് ആരെങ്കിലും അതിനെ തടഞ്ഞാൽ, ഇടക്ക് വെച്ച് ആരെങ്കിലും വാഹനത്തിൽ നിന്ന് ഇറങ്ങിയാൽ അത് ശകുനമാണെന്ന വിശ്വാസം തുടങ്ങിയവയെല്ലാം ഇതിൽ പെടുന്നതാണ്.

قَالَ رسول اللهِ صلى الله عليِهِ وسلم: الطيرةُ شِرك الطيرةُ شِرك ...)

പ്രവാചകൻ ε പറയുകയുണ്ടായി: "ശകുനം ശിർക്കാകുന്നു, ശകുനം ശിർക്കാകുന്നു... " (അഹ്മദ്. സ്വഹീഹായ ഹദീസ്). പ്രവാചകൻ(സ) പറയുന്നു:

عن عبدِ اللهِ بنِ عمرٍو قَالَ: قَالَ رسولُ اللهِ صلى الله عليِهِ وسلم : من ردته الطيرةُ مِن حاجةٍ فَقَد أَشرك، قَالُوا: يا رسولَ اللهِ ما كَفارةُ ذَلِـك قَالَ: أَنْ يقُولَ أَحدهم اللهم لاَ خير إِلا خيرك ولاَ طَير إِلا طَيرك ولاَ إِلَه غَيرك ) ( صحيح ) رواه أحمد )

അബ്ദുല്ലാ ഇബ്നു അം റ് τ പ്രവാചകൻ ε യിൽ നിന്ന് ഉദ്ദരിക്കുന്നു: പ്രവാചകൻ ε പറഞ്ഞു: "ആരുടെയെങ്കിലും ആവശ്യം ശകുനത്താൽ തടയപ്പെടുകയാണെങ്കിൽ അവൻ ശിർക്ക് ചെയ്തു" അപ്പോൾ സ്വഹാബികൾ ചോദിച്ചു: പ്രവാചകരെ, അതിനുള്ള പ്രായശ്ചിത്തം എന്താണ്? തിരുമേനി ε പറഞ്ഞു: ഇങ്ങനെ പറയലാണ്: 'അല്ലാഹുവേ, നിൻെറ നന്മയല്ലാതെ ഒരു നന്മയുമില്ല, നിൻെറ ത്വൈറല്ലാതെ മറ്റൊരു ത്വൈറതുമില്ല, നീയല്ലാതെ യഥാർത്ഥത്തിൽ ഒരു ഇലാഹുമില്ല" (അഹമ്ദ്). അപ്പോൾ മുഹർറം മാസത്തെയും, അതിലെ ആദ്യത്തെ പത്ത് ദിവസത്തെയും ശകുനമായി കാണുന്നത് ഇസ്‌ലാമിലില്ലാത്ത കാര്യമാണ്, അത് ശിർക്കിലേക്ക് എത്തിക്കുന്ന കാര്യവുമാണ്.

ഒരു മുസ്‌ലിം ചെയ്യുന്ന മുഴുവൻ കാര്യങ്ങൾക്കും തെളിവ് വേണം, ഖുർആനിലോ തിരുസുന്നത്തിലോ പഠിപ്പിക്കാത്ത അന്ധവിശ്വാസങ്ങൾക്ക് പിന്നിൽ പോകുന്നത് വിശ്വാസിയുടെ ഗുണമല്ലായെന്ന് നാം മനസിലാക്കുക. അല്ലാഹു നമ്മെ എല്ലാവരെയും സൽപാന്ഥാവിലൂടെ സഞ്ചരിപ്പിക്കുമാറാവട്ടെ. ആമീൻ.


المكتب التعاوني للدعوة والإرشاد وتوعية الجاليات بالجبيل

قسم الجاليات المسلمة


# മുഹർറം: പവിത്രമായ മാസം


തയ്യാറാക്കിയത്:

സയ്യിദ് സഅ്ഫർ സ്വാദിഖ്

ഫോൺ: 03-3625500- 1030


# فضل عاشوراء وشهر الله المحرم


اعداد :

سيد سعفر صادق